പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3361 24.02.2016-ൽ മറുപടിക്ക്

ജോയിനിംഗ് സമയം നീട്ടാൻ ഉത്തരവ്

ചോദ്യം
ശ്രീമതി. കെ.കെ.ലതിക :

ഉത്തരം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഡ്രൈവർ തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം.സജിത്ത് കുമാർ, മമ്മള്ളി ഹൗസ്, കീഴിൽ പി.ഒ., കോഴിക്കോട് എന്നയാൾ ജോയിനിംഗ് സമയം നീട്ടി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് 18.04.2015-ലെ നിയമന ഉത്തരവ് ലഭിച്ച ശ്രീ.എം.സജിത്ത് കുമാർ പ്രവേശന സമയം നീട്ടിലഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിക്കാവുന്ന 45 ദിവസത്തെ പ്രവേശന സമയം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ, ആരോഗ്യപരമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ലായെന്നും ജോലിയിൽ പ്രവേശിക്കുവാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ 06.10.2015 തീയതിയിലെ ഒരു അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരി മുഖേനയോ നിശ്ചിത സമയപരിധിക്കുള്ളിലോ ആയിരുന്നില്ല സർക്കാരിൽ ലഭിച്ചിരുന്നത്. തുടർന്ന് ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിയമനാധികാരിയായ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യോട് ആരായുകയും ആയത് 20.02.2016-ലെ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത ആൾക്ക് സർവ്വീസിൽ ചേരുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ